HLM-0037

The Heavenly Light Ministry

ശ്രീയേശു നാമം അതിശയ നാമം
ഏഴെനിക്കിമ്പ നാമം
എല്ലാ നാമത്തിലും മേലായ നാമം
ഭക്ത ജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും‌തൻ തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ... ശ്രീയേശു
എണ്ണമില്ല പാപം എന്നിൽനിന്നു നീക്കാൻ
എന്മേൽ കനിഞ്ഞ നാമം
അന്യനെന്ന മേലേഴുത്തു എന്നേക്കുമായ് മായ്ച്ചുതന്ന
ഉന്നതന്റെ വന്ദ്യ നാമം ... ശ്രീയേശു
ഭൂതബാധിതർക്കും നാനവ്യധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കും എല്ലാം
വിടുതലേ നൽകും നാമം ... ശ്രീയേശു
പാപപരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമററ ജീവിതത്തിൽ മാതൃകയെ കാട്ടിതന്ന
പാവനമാം പുണ്യ നാമം ... ശ്രീയേശു